'ജലം ജീവാമൃതം'

## മാനേജിങ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:-കേരളം വാട്ടർ അതോറിറ്റി -മീറ്റർ റീഡർ മാർ എടുക്കുന്ന റീഡിങ്ങുകളുടെ എണ്ണം ക്രമീകരിക്കുന്നത്- സംബന്ധിച്ച്

---

## കേരള വാട്ടർ അതോറിറ്റി

നമ്പർ: കെ ഡബ്ല്യൂ എ/HO/RMC/R1/950/2020 തീയതി, തിരുവനന്തപുരം, 20.01.2021

---

സൂചന:- 1) ഈ കാര്യാലയത്തിലെ 31/12/2020 ലെ ഇതേ നമ്പർ ഉത്തരവ്

2) ഈ കാര്യാലയത്തിലെ 05/01/2021 ലെ ഇതേ നമ്പർ ഉത്തരവ്

3) വാട്ടർ അതോറിറ്റിയിലെ അംഗീകൃത ട്രേഡ് യൂണിയനുകളുമായി 04/01/2021 ൽ നടത്തിയ ചർച്ച

### ഉത്തരവ്

ആദ്യ സൂചനയിലെ ഉത്തരവ് പ്രകാരം മീറ്റർ റീഡർമാർ എടുക്കുന്ന റീഡിങ്ങുകളുടെ എണ്ണം പരിഷ്കരിച്ചിരുന്നു. എന്നാൽ ടി പരിഷ്കരണം സംബന്ധിച്ച് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തിയില്ലയെന്ന പരാതി പരിഗണിച്ച 04/01/2121ൽ അംഗീകൃത ട്രേഡ് യൂണിയനുകളുമായി നടത്തിയ ചർച്ചയിൽ ആദ്യ സൂചനയിലെ ഉത്തരവ് താത്കാലികമായി നിർത്തിവെക്കാനും പ്രസ്തുത പരിഷ്കരണം സംബന്ധിച്ച കാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിക്കുവാനും തീരുമാനിക്കുകയുണ്ടായി.

അതനുസരിച്ചു ടി ഉത്തരവ് താത്കാലികമായി നിർത്തിവച്ചുകൊണ്ടു സൂചന 2 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ആയതിനാൽ മീറ്റർ റീഡിങ് എടുക്കുന്നതിന്റെ എണ്ണം കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അക്കൗണ്ട്സ് മെമ്പറുടെ നേതൃത്വത്തിൽ താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ടു ഇതിനാൽ ഉത്തരവാകുന്നു.

1 ) ശ്രീ. രാമസുബ്രമണി IA &AS, അക്കൗണ്ട്സ് മെമ്പർ (കൺവീനർ )

2 ) ശ്രീ. വി .ഷിജിത്, ഫിനാൻസ് മാനേജർ &ചീഫ് അക്കൗണ്ട്സ് ഓഫീസർ (ic).

3) ശ്രീ. ജോൺ കോശി,എക്സിക്യൂട്ടീവ് എൻജിനീയർ, PH(N)ഡിവിഷൻ,തിരുവനന്തപുരം

4) ശ്രീ. ജമാൽ,എക്സിക്യൂട്ടീവ് എൻജിനീയർ, PH ഡിവിഷൻ,കോഴിക്കോട്

5) ശ്രീ സി .ആർ . മനീഷ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ /PH സബ് ഡിവിഷൻ, ചേർത്തല

6 ) ശ്രീ. സുബാഷ് കുമാർ, അക്കൗണ്ട്സ് ഓഫീസർ(RMC ).

7) ശ്രീ. കെ.ജെ. ജോളി, മീറ്റർ ഇൻസ്പെക്ടർ PH സബ് ഡിവിഷൻ,കരുവേലിപ്പടി,കൊച്ചി.

Draft #3 of File KWA/HO/RMC/R1/950/2020 Approved by Managing Director on 20-Jan-2021 05:29 PM - Page 1

അംഗീകൃത ട്രേഡ് യൂണിയനുകൾക്ക് ഈ വിഷയം സംബന്ധിച്ച എന്തെങ്കിലും നിർദ്ദേശങ്ങൾ നല്കുവാനുണ്ടെങ്കിൽ ആയതു 28/01/2021 ന് മുൻപായി കമ്മിറ്റി കൺവീനർക്ക് സമർപ്പിക്കേണ്ടതാണ്. ടി കമ്മിറ്റി പ്രസ്തുത വിഷയം സംബന്ധിച്ച അന്തിമ റിപ്പോർട്ട് 08/02/2021 ന് മുൻപായി നൽകേണ്ടതാണ്.

(ഒപ്പ്)

മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ കമ്മിറ്റി അംഗങ്ങൾക്കും

ഉത്തരവിന്റെ പകർപ്പ്

ജനറൽ സെക്രട്ടറി കേരള വാട്ടർ അതോറിറ്റി എംപ്ലോയിസ് യൂണിയൻ CITU

ജനറൽ സെക്രട്ടറി കേരള വാട്ടർ അതോറിറ്റി സ്റ്റാഫ് അസോസിയേഷൻ INTUC

PA TO MD /PA TO AM /PATO TM/CE(HRD)/FM&CAO

Draft #3 of File KWA/HO/RMC/R1/950/2020 Approved by Managing Director on 20-Jan-2021 05:29 PM - Page 2

The document is digitally approved. Hence signature is not needed.